**ഇന്ത്യ - ശ്രീലങ്ക സംയുക്ത പ്രസ്താവന: കൂട്ടായ ഭാവിക്കായി പങ്കാളിത്തം പരിപോഷിപ്പിക്കുന്നു**

ഡിസംബർ 16, 2024

ഇന്ത്യൻ പ്രധാനമന്ത്രി ബഹുമാനപ്പെട്ട ശ്രീ നരേന്ദ്ര മോദിയും ശ്രീലങ്കൻ പ്രസിഡന്റ് ബഹുമാനപ്പെട്ട അനുര കുമാര ദിസനായകയും തമ്മിൽ, അദ്ദേഹം റിപ്പബ്ലിക്ക് ഓഫ് ഇന്ത്യയിൽ നടത്തിയ ഔദ്യോഗിക സന്ദർശന വേളയിൽ ന്യൂഡൽഹിയിൽ 2024 ഡിസംബർ 16 ന് നടത്തിയ കൂടിക്കാഴ്ച്ചയിൽ സമഗ്രവും ഫലപ്രദവുമായ ചർച്ചകൾ നടത്തി.

2. ഇന്ത്യ-ശ്രീലങ്ക ഉഭയകക്ഷി പങ്കാളിത്തം ആഴത്തിലുള്ള സാസംസ്ക്കാരിക ബന്ധം, ഭൂമിശാസ്ത്രപരമായ അടുപ്പം, ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ എന്നിവയാൽ സുദൃഢമാണെന്ന് ഇരു നേതാക്കളും ഊന്നിപ്പറഞ്ഞു.

3. അഭൂതപൂർവ്വമായി 2022 ൽ ഉണ്ടായ സാമ്പത്തിക പ്രതിസന്ധി വേളയിലും അതിനുശേഷവും ശ്രീലങ്കൻ ജനതയ്ക്ക് ഇന്ത്യ നൽകിയ അചഞ്ചലമായ പിന്തുണയ്ക്ക് പ്രസിഡന്റ് ദിസനായക ആഴത്തിലുള്ള കൃതജ്ഞത അറിയിച്ചു. ശോഭനമായ ഭാവി, മികച്ച അവസരങ്ങൾ, സുസ്ഥിര സാമ്പത്തിക വളർച്ച എന്നിവയുടെ കാര്യത്തിൽ ശ്രീലങ്കൻ ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനുള്ള തന്റെ ആഴത്തിലുള്ള പ്രതിബദ്ധത അനുസ്മരിക്കവെ, ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഇന്ത്യയുടെ പിന്തുണ തുടർന്നും ഉണ്ടാകുമെന്ന് അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു. ഇന്ത്യയുടെ 'അയൽക്കാർ ആദ്യം' നയത്തിലും 'സാഗർ' വീക്ഷണത്തിലും ശ്രീലങ്കക്കുള്ള സവിശേഷമായ സ്ഥാനം മുൻനിർത്തി, ഇക്കാര്യത്തിൽ ഇന്ത്യയുടെ പൂർണ പിന്തുണ പ്രസിഡന്റ് ദിസനായകക്ക് പ്രധാനമന്ത്രി മോദി ഉറപ്പ് നൽകി.

4. വർഷങ്ങളായുള്ള ഉഭയകക്ഷി ബന്ധം സുദൃഢമാണെന്നും അത് ശ്രീലങ്കയുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിൽ ഗണ്യമായി സംഭാവന നൽകിയിട്ടുണ്ടെന്നും ഇരുനേതാക്കളും എടുത്തുപറഞ്ഞു. കൂടുതൽ സഹകരണത്തിനുള്ള സാധ്യത അടിവരയിട്ടുകൊണ്ട്, ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ബന്ധം ഇരു രാജ്യങ്ങളിലെയും

ജനങ്ങളുടെ ക്ഷേമത്തിന് പരസ്പരം ഗുണകരമാകുന്ന സമഗ്ര പങ്കാളിത്തത്തിലേക്ക് വളർത്താനുള്ള പ്രതിബദ്ധത ഇരു നേതാക്കളും എടുത്തുപറഞ്ഞു.

## രാഷ്ട്രീയ വിനിമയങ്ങൾ

5. കഴിഞ്ഞ പതിറ്റാണ്ടിൽ വർധിച്ച രാഷ്ട്രീയ സമ്പർക്കങ്ങളും, ഉഭയകക്ഷി ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിൽ അതിന്റെ സംഭാവനയും എടുത്തുപറയവെ, നേതൃതലത്തിലും മന്ത്രിതലങ്ങളിലും രാഷ്ട്രീയ സമ്പർക്കങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാൻ ഇരുനേതാക്കളും സമ്മതിച്ചു.

6.  ജനാധിപത്യ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കാനും തങ്ങളുടെ സ്ഥാപനപരമായ ഉത്തമ ശീലങ്ങൾ സംബന്ധിച്ച വൈദഗ്ധ്യം പങ്കിടാനും പതിവായി പാർലമെന്ററി തലത്തിൽ സമ്പർക്കങ്ങൾ നടത്തേണ്ടതിന്റെ പ്രാധാന്യം ഇരുനേതാക്കളും അടിവരയിട്ടു.

## വികസന സഹകരണം

7. ശ്രീലങ്കക്ക് അതിന്റെ സാമൂഹ്യ - സാമ്പത്തിക വളർച്ചക്ക് ഗണ്യമായി സംഭാവനയേകിയ ഇന്ത്യയുടെ വികസന സഹായത്തിലെ ഗുണപരവും ഫലവത്തായതുമായ പങ്ക് ഇരു നേതാക്കളും എടുത്തുപറഞ്ഞു. നിലവിലെ കടബാധ്യത പുനർക്രമീകരിക്കുന്നുണ്ടെങ്കിലും പ്രോജക്ടുകളുടെ നടത്തിപ്പിന് തുടർന്നുമുള്ള ഇന്ത്യയുടെ പിന്തുണക്ക് പ്രസിഡന്റ് ദിവനായക കൃതജ്ഞത പ്രകടിപ്പിച്ചു.  ആദ്യം വായ്പ്പയിലൂടെ ഏറ്റെടുത്ത് നടത്തിയ പ്രോജക്ടുകൾക്ക് ഗ്രാന്റ് സഹായം നൽകാനുള്ള ഇന്ത്യയുടെ തീരുമാനത്തിനും അദ്ദേഹം കൃതജ്ഞത പ്രകടമാക്കി, അതുവഴി ശ്രീലങ്കയുടെ കടഭാരം കുറയ്ക്കാൻ കഴിയും.

8. ജനോന്മുഖമായ വികസന പങ്കാളിത്തം കൂടുതൽ ഊർജ്ജിതമാക്കാൻ യോജിച്ച് പ്രവർത്തിക്കാനുള്ള പ്രതിബദ്ധത ആവർത്തിച്ചുകൊണ്ട് ഇരുനേതാക്കളും ഇക്കാര്യങ്ങൾക്ക് സമ്മതിച്ചു:

i. ഇന്ത്യൻ ഹൗസിംഗ് പ്രോജക്ടിന്റെ ഘട്ടം III & IV, 3 (മൂന്ന്) ഐലൻഡ്സ് ഹൈബ്രിഡ് റിന്യൂവബിൾ എനർജി പ്രോജക്ട്, ശ്രീലങ്കയിലെമ്പാടുമുള്ള ഹൈ ഇംപാക്ട് കമ്യൂണിറ്റി ഡവലപ്മെന്റ് പ്രോജക്ടുകൾ എന്നിങ്ങനെ നിലവിൽ നടക്കുന്ന പ്രോജക്ടുകൾ യഥാസമയം പൂർത്തിയാക്കാൻ ഒരുമിച്ച് പ്രവർത്തിക്കുന്നതിന്;

ii. കിഴക്കൻ പ്രവിശ്യയിലെ ഇന്ത്യൻ വംശജരായ തമിഴ് സമൂഹത്തിനായുള്ള പ്രോജക്ടുകളും, ശ്രീലങ്കയിലെ ആരാധനാ സ്ഥലങ്ങളുടെ സോളാർ ഇലക്ട്രിഫിക്കേഷനും യഥാസമയം നടപ്പാക്കാൻ പൂർണ സഹായം നൽകുന്നതിന്;

iii. ശ്രീലങ്കൻ ഗവൺമെന്റിന്റെ ആവശ്യങ്ങളും മുൻഗണനകളും അനുസരിച്ച് വികസന പങ്കാളിത്തത്തിനായുള്ള പുതിയ പ്രോജക്ടുകളും സഹകരണ രംഗങ്ങളും വേർതിരിക്കുന്നതിന്.

## പരിശീലനവും ശേഷി വർദ്ധനയും

9. ശ്രീലങ്കയ്ക്ക് ശേഷി വർധനക്കുള്ള പിന്തുണ നൽകുന്നതിൽ ഇന്ത്യയുടെ പങ്ക് അടിവരയിട്ടും, ശ്രീലങ്കയിലെ വിവിധ മേഖലകളിൽ കസ്റ്റമൈസ് ചെയ്ത പരിശീലനത്തിന്റെയും ശേഷി വർദ്ധിപ്പിക്കുന്നതിന്റെയും ആവശ്യകത എടുത്തുപറഞ്ഞ്, നേതാക്കൾ:

i. ഇന്ത്യയിലെ നാഷണൽ സെന്റർ ഫോർ ഗുഡ് ഗവേണൻസ് വഴി അഞ്ച് വർഷത്തെ കാലയളവിൽ മന്ത്രാലയങ്ങളിലും ഡിപ്പാർട്ട്മെന്റുകളിലുമുള്ള 1500 ശ്രീലങ്കൻ സിവിൽ സർവ്വീസുകാർക്ക് ഊന്നൽ നൽകിയുള്ള പരിശീലനം സംഘടിപ്പിക്കാൻ സമ്മതിച്ചു; ഒപ്പം

ii. ശ്രീലങ്കയുടെ ആവശ്യങ്ങൾക്കനുസരിച്ച് സിവിൽ, പ്രതിരോധ, നിയമ മേഖലകളിലും മറ്റുമുള്ള ശ്രീലങ്കൻ ഉദ്യോഗസ്ഥർക്കായി കൂടുതൽ പരിശീലന പരിപാടികളുടെ സാധ്യത ആരായാൻ തീരുമാനിച്ചു.

## കടം പുനഃക്രമീകരണം

10. USD 4 ബില്ല്യൺ വരുന്ന അടിയന്തര സാമ്പത്തിക സഹായവും ഫോറെക്സ് സപ്പോർട്ടും ഉൾപ്പെടെ അതുല്യവും ബഹുമുഖവുമായ സഹായത്തിലൂടെ ശ്രീലങ്കൻ സമ്പദ്‌വ്യവസ്ഥ സുസ്ഥിരമാക്കുന്നതിൽ ഇന്ത്യ നൽകിയ സഹായത്തിന് പ്രസിഡന്റ് ദിസനായക പ്രധാനമന്ത്രി മോദിക്ക് നന്ദി പറഞ്ഞു. ഒഫീഷ്യൽ ക്രെഡിറ്റേഴ്‌സ് കമ്മിറ്റി (OCC) യുടെ സഹാധ്യക്ഷനെന്ന നിലയിലും, സമയബന്ധിതമായി കടബാധ്യതാ പുനർക്രമീകരണ ചർച്ചകൾ അന്തിമമാക്കുന്നതിൽ പങ്കാളിയെന്ന നിലയിലും ശ്രീലങ്കയുടെ കടബാധ്യത പുനർഘടന ചെയ്യുന്ന പ്രക്രിയയിൽ ഇന്ത്യ നൽകിയ നിർണായക സഹായത്തിന് അദ്ദേഹം കൃതജ്ഞത പറഞ്ഞു. നിലവിലുള്ള ക്രെഡിറ്റ് ലൈനുകൾക്ക് കീഴിൽ പൂർത്തിയാക്കിയ പ്രൊജക്ടുകൾക്കായി ശ്രീലങ്കയിൽ നിന്ന് അടയ്‌ക്കേണ്ട പേമെന്റുകൾ തീർപ്പാക്കാൻ 20.66 മില്യൺ ഡോളറിന്റെ സാമ്പത്തിക സഹായം നൽകിയതിനും, അതുവഴി കടഭാരം ഒരു പ്രതിസന്ധി ഘട്ടത്തിൽ ഗണ്യമായി കുറയ്ക്കാൻ ഇടയാക്കിയതിനും അദ്ദേഹം ഇന്ത്യാ ഗവൺമെന്റിന് നന്ദി പറഞ്ഞു. ശ്രീലങ്കയുമായുള്ള അടുത്ത, പ്രത്യേക ബന്ധം എടുത്തുപറയവെ, ആവശ്യനേരത്തും, സാമ്പത്തിക വീണ്ടെടുപ്പിനും സുസ്ഥിരതക്കുമായുള്ള പരിശ്രമത്തിലും, അവിടുത്തെ ജനങ്ങളുടെ അഭിവൃദ്ധിക്കുമായി ആ രാജ്യത്തിന് ഇന്ത്യ അനുസ്യൂതം നൽകി വരുന്ന പിന്തുണ പ്രധാനമന്ത്രി മോദി അടിവരയിട്ടു പറഞ്ഞു. കടം പുനഃക്രമീകരിക്കുന്നതിനുള്ള ഉഭയകക്ഷി ധാരണാപത്രം സംബന്ധിച്ച ചർച്ചകൾ അന്തിമമാക്കാൻ നേതാക്കൾ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

11. കടമെടുപ്പിലൂടെ വിവിധ മേഖലകളിൽ നിക്ഷേപമിറക്കുന്ന പങ്കാളിത്ത രീതികളിൽ നിന്നുള്ള തന്ത്രപരമായ മാറ്റം ശ്രീലങ്കയിൽ സാമ്പത്തിക വീണ്ടെടുപ്പിനും, വികസനത്തിനും, സമ്പൽ സമൃദ്ധിക്കുമുള്ള കൂടുതൽ സുസ്ഥിരമായ പാത ഉറപ്പ് വരുത്തുമെന്ന് ഇരു നേതാക്കളും സമ്മതിച്ചു.

## കണക്ടിവിറ്റി നിർമ്മിക്കൽ

12. കൂടുതൽ സുദൃഢമായ ബന്ധത്തിന്റെ പ്രാധാന്യം എടുത്തുപറഞ്ഞ നേതാക്കൾ രണ്ട് രാജ്യങ്ങളുടെയും സാമ്പത്തിക വികസനത്തിനും വളർച്ചയ്ക്കും വേണ്ടി പ്രയോജനപ്പെടുത്താവുന്ന പൂരക സാധ്യതകൾ രണ്ട് സമ്പദ്‌വ്യവസ്ഥകളും തമ്മിൽ ഉണ്ടെന്ന് അംഗീകരിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ:

i. നാഗപട്ടണത്തെയും കങ്കേസന്തുറൈയേയും തമ്മിൽ ബന്ധിപ്പിക്കുന്ന യാത്രാ ബോട്ട് സർവ്വീസ് പുനരാരംഭിച്ചതിൽ സംതൃപ്തി പ്രകടിപ്പിക്കവെ രാമേശ്വരവും തലൈമന്നാറും തമ്മിലുള്ള യാത്രാ ബോട്ട് സർവ്വീസ് കഴിവതും നേരത്തെ പുനരാരംഭിക്കാൻ ഉദ്യോഗസ്ഥർ പരിശ്രമിക്കണമെന്ന കാര്യത്തിൽ അവർ യോജിച്ചു.

ii. ഇന്ത്യാ ഗവൺമെന്റിന്റെ ഗ്രാന്റ്‌സഹായത്തോടെ നടപ്പിലാക്കാവുന്ന ശ്രീലങ്കയിലെ കങ്കേസന്തുറൈ തുറമുഖത്തിന്റെ പുനരധിവാസ പ്രവർത്തനങ്ങൾ സംയുക്തമായി നടത്താനുള്ള സാധ്യത ആരായുക.

**ഊർജ്ജ വികസനം**

13. ഊർജ്ജസുരക്ഷ ഉറപ്പ് വരുത്തുന്നതിനും, ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും വിശ്വസനീയവും, താങ്ങാനാവുന്നതും, സമയബന്ധിതവുമായ ഊർജ്ജ വിഭവശേഷിയുടെ ആവശ്യകത ഊന്നിപ്പറയവെ, ഇന്ത്യയും ശ്രീലങ്കയും തമ്മിൽ ഊർജ്ജ മേഖലയിൽ സഹകരണം ശക്തമാക്കേണ്ടതിന്റെയും,നിലവിൽ നടന്നുവരുന്ന ഊർജ്ജ സഹകരണ പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കാനുള്ള സൗകര്യം ഒരുക്കുന്നതിന്റെയും പ്രാധാന്യം ഇരുനേതാക്കളും അടിവരയിട്ടു. ഇക്കാര്യത്തിൽ, നേതാക്കൾ ഇവ സമ്മതിച്ചു:

i. സാംപൂരിൽ സോളാർ പവർ പ്രോജക്ട് നടപ്പിലാക്കുന്നതിനും ശ്രീലങ്കയുടെ ആവശ്യകതകൾക്ക് അനുസൃതമായി അതിന്റെ ശേഷി കൂടുതൽ വർദ്ധിപ്പിക്കുന്നതിനും നടപടികൾ എടുക്കുന്നത്.

ii. ചർച്ചയുടെ വ്യത്യസ്ത ഘട്ടങ്ങളിലുള്ള നിരവധി പ്രൊപ്പോസലുകൾ പരിഗണിക്കുന്നത് തുടരുന്നത്, ഇവ ഉൾപ്പെടെ:

(a) ഇന്ത്യയിൽ നിന്ന് ശ്രീലങ്കയിലേക്ക് LNG വിതരണം.

(b) ഇന്ത്യയും ശ്രീലങ്കയും തമ്മിൽ ഒരു ഹൈ - കപ്പാസിറ്റി പവർ ഗ്രിഡ് ഇന്റർ കണക്ഷൻ സ്ഥാപിക്കൽ.

(c) താങ്ങാനാവുന്നതും വിശ്വസനീയവുമായ ഊർജ്ജ വിതരണത്തിന് ഇന്ത്യയിൽ നിന്ന് ശ്രീലങ്കയിലേക്ക് ഒരു മൾട്ടി-പ്രോഡക്ട് പൈപ്പ്ലൈൻ നടപ്പിലാക്കുന്നതിന് ഇന്ത്യയും ശ്രീലങ്കയും UAE യും തമ്മിൽ സഹകരണം.

(d) സസ്യ, ജീവജാലങ്ങൾ ഉൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷണത്തിന് മുൻഗണന നൽകി പാക്ക് കടലിടുക്കിലെ ഓഫ്ഷോർ വിൻഡ് പവർ സാധ്യത സംയുക്തമായി വികസിപ്പിക്കൽ.

14. ട്രിൻകോമലി ടാങ്ക് ഫാമുകളുടെ വികസനത്തിൽ നിലവിലുള്ള സഹകരണം എടുത്തു പറയവെ, ഒരു മേഖലാ ഊർജ്ജ, വ്യവസായ കേന്ദ്രമെന്ന നിലയിൽ ട്രിൻകോമലിയുടെ വികസനത്തെ പിന്തുണയ്ക്കാൻ ഇരു നേതാക്കളും തീരുമാനിച്ചു.

**ജന-കേന്ദ്രീകൃത ഡിജിറ്റൈസേഷൻ**

15. ഗവേണൻസ് മെച്ചപ്പെടുത്താനും സേവന വിതരണം പരിവർത്തനം ചെയ്യാനും സുതാര്യത കൈവരിക്കാനും സാമൂഹിക ക്ഷേമത്തിന് സംഭാവന നൽകാനും സഹായിച്ച ജന-കേന്ദ്രീകൃത ഡിജിറ്റൈസേഷനിൽ ഇന്ത്യയുടെ വിജയകരമായ അനുഭവത്തെ പ്രശംസിക്കവെ, ഇന്ത്യൻ സഹായത്തോടെ ശ്രീലങ്കയിൽ സമാനമായ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിൽ പ്രസിഡന്റ് ദിസനായക തന്റെ ഗവൺമെന്റിന്റെ താൽപ്പര്യം അറിയിച്ചു. ഇക്കാര്യത്തിൽ ശ്രീലങ്കയുടെ ശ്രമങ്ങളെ പൂർണ്ണമായും പിന്തുണയ്ക്കുന്നതിൽ ഇന്ത്യയുടെ സന്നദ്ധത

പ്രധാനമന്ത്രി മോദി അറിയിച്ചു.  ഈ സന്ദർഭത്തിൽ, രണ്ട് നേതാക്കളും ഇവ സമ്മതിച്ചു:

i. പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നത് മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളിൽ രാജ്യത്തെ സഹായിക്കുന്നതിന് ശ്രീലങ്ക യുണീക് ഡിജിറ്റൽ ഐഡന്റിറ്റി (SLUDI) പ്രോജക്ട് ത്വരിതപ്പെടുത്താൻ;

ii. ഇന്ത്യയിൽ നിന്നുള്ള സഹായത്തോടെ ശ്രീലങ്കയിൽ ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ (DPI) പൂർണ്ണമായും നടപ്പാക്കാനുള്ള കാര്യങ്ങളിൽ സഹകരിക്കാൻ.

iii. ശ്രീലങ്കയിൽ ഡിജിലോക്കർ നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള നിലവിലുള്ള സാങ്കേതിക ചർച്ചകൾ മുന്നോട്ട് കൊണ്ടുപോകുന്നത് ഉൾപ്പെടെ ഇന്ത്യയിൽ ഇതിനകം സ്ഥാപിതമായ പരിചയസമ്പത്തും സംവിധാനങ്ങളും അടിസ്ഥാനമാക്കി ശ്രീലങ്കയിൽ ഒരു DPI സ്റ്റാക്ക് നടപ്പിലാക്കുന്നത് പരിഗണിക്കാൻ ഒരു സംയുക്ത വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കാൻ.

iv. രണ്ട് രാജ്യങ്ങളുടെയും പ്രയോജനത്തിന് UPI ഡിജിറ്റൽ പേമെന്റുകളുടെ ഉപയോഗം ലഭ്യമാക്കിയും, രണ്ട് രാജ്യങ്ങളുടെയും പേമെന്റ് സിസ്റ്റങ്ങളുമായി ബന്ധപ്പെട്ട റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായും ഡിജിറ്റൽ ഫൈനാൻഷ്യൽ ട്രാൻസാക്ഷനുകൾ പ്രോത്സാഹിപ്പിക്കാൻ.

v. ശ്രീലങ്കയിൽ തത്തുല്യ സിസ്റ്റങ്ങൾ സ്ഥാപിക്കുന്നതിന്റെ പ്രയോജനങ്ങൾ ആരായുക എന്ന ലക്ഷ്യത്തോടെ, ഇന്ത്യയുടെ ആധാർ പ്ലാറ്റ്ഫോം, GeM പോർട്ടൽ, PM ഗതി ശക്തി ഡിജിറ്റൽ പ്ലാറ്റ്ഫോം, ഡിജിറ്റൈസ്ഡ് കസ്റ്റംസ്, മറ്റ് ടാക്സേഷൻ നടപടിക്രമങ്ങൾ എന്നിവയിൽ നിന്ന് പഠിക്കുന്നതിന് ഉഭയകക്ഷി വിനിമയങ്ങൾ തുടരാൻ.

**വിദ്യാഭ്യാസവും സാങ്കേതികവിദ്യയും**

16.  ശ്രീലങ്കയിൽ മാനവ വിഭവശേഷി വികസനത്തെ പിന്തുണയ്ക്കുകയും ഇന്നൊവേഷനും  സാങ്കേതികവിദ്യയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, ഇരു നേതാക്കളും ഇക്കാര്യങ്ങൾ സമ്മതിച്ചു:

i. കൃഷി, അകപാകൾച്ചർ, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ, ആരോഗ്യം, പരസ്പര താൽപ്പര്യമുള്ള മറ്റ് മേഖലകൾ തുടങ്ങിയ മേഖലകളിലെ ഗവേഷണത്തിലും വികസനത്തിലും സഹകരണം വിപുലീകരിക്കാൻ ശ്രമിക്കുക.

ii. രണ്ട് രാജ്യങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം ആരായുക.

iii. ശ്രീലങ്ക സ്റ്റാർട്ടപ്പുകൾക്കുള്ള മെന്റർഷിപ്പ് ഉൾപ്പെടെ സ്റ്റാർട്ടപ്പ് ഇന്ത്യയും ശ്രീലങ്കയിലെ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി ഏജൻസിയും (ICTA) തമ്മിലുള്ള സഹകരണം പരിപോഷിപ്പിക്കുക.

**വ്യാപാര, നിക്ഷേപ സഹകരണം**

17.  ഇന്ത്യ-ശ്രീലങ്ക സ്വതന്ത്ര വ്യാപാര കരാർ (ISFTA) ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാര പങ്കാളിത്തം ശക്തമാക്കിയിട്ടുണ്ടെന്ന് ഇരു നേതാക്കളും സമ്മതിച്ചു, വ്യാപാര ബന്ധങ്ങൾ കൂടുതൽ വിപുലമാക്കാൻ വളരെയേറെ സാധ്യതകൾ ഉണ്ടെന്ന കാര്യം അവർ അംഗീകരിച്ചു, ഇന്ത്യയിലെ സാമ്പത്തിക വളർച്ചയുടെ ഗതിവേഗവും അവസരങ്ങളും അതുപോലെ മാർക്കറ്റ് സൈസ് വളരുന്നതും, ശ്രീലങ്കയിൽ വ്യാപാര, നിക്ഷേപങ്ങൾ വർധിപ്പിക്കാനുള്ള സാധ്യതയും അടിവരയിട്ടുകൊണ്ട്, ഇപ്പറയുന്നവക്ക് പ്രതിജ്ഞാബദ്ധമായി, വ്യാപാര പങ്കാളിത്തം ഇനിയും ശക്തമാക്കാൻ ഇതാണ് അവസരമെന്ന് ഇരു നേതാക്കളും സമ്മതിച്ചു:

i. സാമ്പത്തിക, സാങ്കേതിക സഹകരണ കരാർ സംബന്ധിച്ച ചർച്ചകൾ തുടരുക.

ii. ഇരു രാജ്യങ്ങളും തമ്മിലുള്ള INR-LKR വ്യാപാര സെറ്റിൽമെന്റുകൾ ശക്തമാക്കുക.

iii. കയറ്റുമതി സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ശ്രീലങ്കയിലെ പ്രധാന മേഖലകളിലെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുക.

18. നിർദ്ദിഷ്ട ഉഭയകക്ഷി സാമൂഹ്യ സുരക്ഷാ കരാറിന് എത്രയും നേരത്തെ അന്തിമരൂപം നൽകാനുള്ള ചർച്ചകൾ തുടരേണ്ടത് ആവശ്യമാണെന്ന കാര്യത്തിൽ ഇരു നേതാക്കളും യോജിച്ചു.

**കൃഷിയും മൃഗസംരക്ഷണവും**

19. സ്വയം പര്യാപ്തതയും പോഷകാഹാര സുരക്ഷയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ശ്രീലങ്കയിലെ ക്ഷീര മേഖലയുടെ വികസനത്തിനായി നിലവിലുള്ള സഹകരണത്തെ രണ്ടു നേതാക്കളും പ്രശംസിച്ചു.

20. കാർഷിക ആധുനികവൽക്കരണത്തിന് പ്രസിഡന്റ് ദിസനായക നൽകുന്ന ഊന്നൽ പരിഗണിച്ചുകൊണ്ട്, ശ്രീലങ്കയിലെ കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനുള്ള സാധ്യതകൾ പരിശോധിക്കാൻ ഒരു സംയുക്ത വർക്കിംഗ് ഗ്രൂപ്പിന് രൂപം നൽകാൻ ഇരു നേതാക്കളും സമ്മതിച്ചു.

**തന്ത്രപരമായ, പ്രതിരോധ സഹകരണം**

21. ഇന്ത്യയുടെയും ശ്രീലങ്കയുടെയും പരസ്പര സുരക്ഷാ താൽപ്പര്യങ്ങൾ അംഗീകരിക്കവെ, രണ്ട് നേതാക്കളും പരസ്പര വിശ്വാസവും സുതാര്യതയും അടിസ്ഥാനമാക്കി പതിവ്

സംഭാഷണത്തിന്റെ പ്രാധാന്യം അംഗീകരിക്കുകയും പരസ്പരമുള്ള സുരക്ഷാ ആശങ്കകൾക്ക് പ്രാധാന്യം നൽകുകയും ചെയ്തു. സ്വാഭാവിക പങ്കാളികൾ എന്ന നിലയിൽ, ഇരു നേതാക്കളും ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ രണ്ട് രാജ്യങ്ങളും അഭിമുഖീകരിക്കുന്ന പൊതുവായ വെല്ലുവിളികൾ അംഗീകരിക്കുകയും, പരമ്പരാഗതവും, പരമ്പരാഗതമല്ലാത്തതുമായ ഭീഷണികളെ ചെറുക്കാനും, അതുപോലെ സ്വതന്ത്രവും, തുറന്നതും, സുരക്ഷിതവും, ഭദ്രവുമായ ഇന്ത്യൻ മഹാസമുദ്ര മേഖല ഉറപ്പാക്കാനും കൂട്ടായി പരിശ്രമിക്കാനുള്ള പ്രതിബദ്ധത ആവർത്തിക്കുകയും ചെയ്തു. ഇന്ത്യ ശ്രീലങ്കയുടെ ഏറ്റവും അടുത്ത സമുദ്ര അയൽരാജ്യമെന്ന നിലയിൽ, ഇന്ത്യയുടെ സുരക്ഷയ്ക്കും പ്രാദേശിക സുസ്ഥിരതയ്ക്കും എതിരെ തങ്ങളുടെ ഭൂപ്രദേശം യാതൊരു വിധത്തിലും ഉപയോഗിക്കാൻ അനുവദിക്കാതിരിക്കുക എന്ന ശ്രീലങ്കയുടെ പ്രഖ്യാപിത നിലപാട് പ്രസിഡന്റ് ദിസനായക ആവർത്തിച്ചു.

22. പരിശീലനം, എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, കപ്പൽ സന്ദർശനങ്ങൾ, ഉഭയകക്ഷി അഭ്യാസങ്ങൾ, പ്രതിരോധ ശേഷി ശക്തിപ്പെടുത്താനുള്ള സഹായം എന്നിവയിൽ തുടരുന്ന പ്രതിരോധ സഹകരണത്തിൽ സംതൃപ്തി പ്രകടിപ്പിക്കവെ, സമുദ്ര, സുരക്ഷാ സഹകരണം മുന്നോട്ടു കൊണ്ടുപോകാൻ ഇരു നേതാക്കളും സമ്മതിച്ചു.

23. മാരിടൈം ഡൊമെയ്ൻ അവബോധം വർദ്ധിപ്പിക്കുന്നതിന് നിർണായകമായ മറ്റ് സഹായങ്ങൾക്കൊപ്പം ശ്രീലങ്കയിൽ മാരിടൈം നിരീക്ഷണത്തിനായി ഒരു ഡോൺയർ എയർക്രാഫ്റ്റ് നൽകുന്നതിലൂടെയുള്ള പിന്തുണയ്ക്കും, ശ്രീലങ്കയിലെ മാരിടൈം റെസ്ക്യൂ, കോർഡിനേഷൻ സെന്റർ സ്ഥാപിക്കുന്നതിനും പിന്തുണ നൽകുന്ന ഇന്ത്യക്ക് പ്രസിഡന്റ് ദിസനായക നന്ദി പറഞ്ഞു. മാനുഷിക സഹായ, ദുരിതാശ്വാസ രംഗത്ത് ശ്രീലങ്കക്കായി 'ആദ്യ പ്രതികരണ രാജ്യം' എന്ന ഇന്ത്യയുടെ പങ്കിന് അദ്ദേഹം കൃതജ്ഞത പ്രകടിപ്പിച്ചു. ഇയ്യിടെ വൻ തോതിൽ മയക്കുമരുന്ന് കടത്തിയ കപ്പലുകളും കുറ്റക്കാരെയും കസ്റ്റഡിയിൽ എടുക്കുന്നതിൽ ഇന്ത്യയുടെയും ശ്രീലങ്കയുടെയും നാവിക സേനകൾ സഹകരിച്ചു നടത്തിയ പ്രയത്നം വിജയിച്ചത് പരാമർശിക്കുകയും പ്രസിഡന്റ് ദിസനായക ഇന്ത്യൻ നാവികസേനയോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

24.  വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യാവുന്ന പങ്കാളി എന്ന നിലയിൽ, ഇന്ത്യ അതിന്റെ പ്രതിരോധ, നാവിക  സുരക്ഷാ ആവശ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും, അതിന്റെ സമുദ്ര വെല്ലുവിളികൾ നേരിടുന്നതിനുള്ള അതിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ സഹായം നൽകുന്നതിനും ശ്രീലങ്കയുമായി അടുത്ത് പ്രവർത്തിക്കാൻ തുടർന്നുമുള്ള പ്രതിബദ്ധത ഇന്ത്യ അറിയിച്ചു.

25. തീവ്രവാദം, മയക്കുമരുന്ന്/നാർക്കോട്ടിക്സ് കടത്ത്, കള്ളപ്പണം വെളുപ്പിക്കൽ തുടങ്ങിയ വിവിധ സുരക്ഷാ ഭീഷണികൾ കണക്കിലെടുത്ത് പരിശീലനം, ശേഷി വർദ്ധിപ്പിക്കൽ, ഇന്റലിജൻസ്, വിവരങ്ങൾ പങ്കിടൽ എന്നിവയിൽ നടന്നുവരുന്ന ശ്രമങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ രണ്ട് നേതാക്കളും സമ്മതിച്ചു.  ഈ സന്ദർഭത്തിൽ, അവർ ഇവക്ക് സമ്മതിച്ചു:

i. പ്രതിരോധ സഹകരണം സംബന്ധിച്ച ഒരു ഫ്രെയിംവർക്ക് എഗ്രിമെന്റിന് അന്തിമരൂപം നൽകാനുള്ള സാധ്യത ആരായാൻ;

ii. ഹൈഡ്രോഗ്രാഫിയിൽ സഹകരണം വളർത്താൻ;

iii. ശ്രീലങ്കയുടെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിന് പ്രതിരോധ പ്ലാറ്റ്ഫോമുകളും അസ്സറ്റുകളും ലഭ്യമാക്കാൻ;

iv.സംയുക്ത അഭ്യാസങ്ങൾ, സമുദ്ര നിരീക്ഷണം, പ്രതിരോധ സംഭാഷണം, വിനിമയങ്ങൾ എന്നിവയിലൂടെ സഹകരണം ഊർജ്ജിതമാക്കാൻ;

v. പരിശീലനം, സംയുക്ത അഭ്യാസങ്ങൾ, ഉത്തമ സമ്പ്രദായങ്ങൾ പങ്കിടൽ എന്നിവ ഉൾപ്പെടെ ദുരന്ത ലഘൂകരണം, ദുരിതാശ്വാസം, പുനരധിവാസം എന്നിവയിൽ ശ്രീലങ്കക്കുള്ള ശേഷി ശക്തിപ്പെടുത്താൻ സഹായം നൽകാൻ

vi. ശ്രീലങ്കൻ പ്രതിരോധ സേനകൾക്കുള്ള ശേഷി വർദ്ധിപ്പിക്കലും പരിശീലനവും വിപുലമാക്കാനും ആവശ്യമുള്ളിടത്തെല്ലാം പ്രത്യേകം തയ്യാറാക്കിയ പരിശീലന പരിപാടികൾ നടത്താനും.

## സാംസ്കാരിക, ടൂറിസം വികസനം

26. സാംസ്ക്കാരിക സമാനതകളും, ഭൂമിശാസ്ത്രപരമായ അടുപ്പവും, പരമ്പരാഗത ബന്ധങ്ങളും എടുത്തുപറയവെ, രണ്ട് രാജ്യങ്ങളും തമ്മിലുള്ള സാംസ്ക്കാരിക, ടൂറിസം സഹകരണം കൂടുതൽ പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇരു നേതാക്കളും ഊന്നിപ്പറഞ്ഞു. ഇന്ത്യ ശ്രീലങ്കയുടെ വിനോദസഞ്ചാരത്തിന്റെ ഏറ്റവും വലിയ ഉറവിടം ആയിരിക്കുന്നതിനാൽ, ഇരു നേതാക്കളും ഇവ തീരുമാനിച്ചു:

i. ചെന്നൈയ്ക്കും ജാഫ്നയ്ക്കും ഇടയിലുള്ള ഫ്ലൈറ്റുകൾ വിജയകരമായി പുനരാരംഭിച്ചതിനെ പരാമർശിക്കവെ, ഇന്ത്യയിലെയും ശ്രീലങ്കയിലെയും വിവിധ ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള വ്യോമ ഗതാഗതം വർധിപ്പിക്കാൻ.

ii. ശ്രീലങ്കയിൽ വിമാനത്താവളങ്ങളുടെ വികസനത്തെക്കുറിച്ച് ചർച്ചകൾ തുടരാൻ.

iii. ശ്രീലങ്കയിൽ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഇന്ത്യൻ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാൻ.

iv. ആത്മീയ, സാംസ്ക്കാരിക ടൂറിസത്തിന്റെ വികസനത്തിനായി സൗകര്യപ്രദമായ ചട്ടക്കൂട് സ്ഥാപിക്കാൻ.

v. രണ്ട് രാജ്യങ്ങൾക്കിടയിലുള്ള സാംസ്കാരിക, ഭാഷാ ബന്ധങ്ങളുടെ പ്രചരണത്തിനും പുരോഗതിക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തമ്മിലുള്ള അക്കാദമിക് ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കാൻ.

**മത്സ്യബന്ധന പ്രശ്നങ്ങൾ**

27. രണ്ട് ഭാഗങ്ങളിലെയും മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഗണിച്ചും, ഉപജീവനം സംബന്ധിച്ച ആശങ്കകൾ കണക്കിലെടുത്തും അക്കാര്യങ്ങൾ മാനുഷിക പരിഗണനയോടെ തുടർന്നും പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിൽ ഇരു നേതാക്കളും യോജിച്ചു. ഇക്കാര്യത്തിൽ, ആക്രമണോത്സുക പെരുമാറ്റമോ അക്രമമോ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ട ആവശ്യവും അവർ എടുത്തുപറഞ്ഞു. കൊളംബോയിൽ ഫിഷറീസ് സംബന്ധിച്ച 6th ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗം ഇയ്യിടെ പരിസമാപിച്ചത് അവർ സ്വാഗതം ചെയ്തു. സംഭാഷണത്തിലൂടെയും ക്രിയാത്മക ഇടപെടലുകളിലൂടെയും ശാശ്വതവും പരസ്പരം സ്വീകാര്യവുമായ പരിഹാരം കൈവരിക്കാനാകുമെന്ന് നേതാക്കൾ വിശ്വാസം പ്രകടിപ്പിച്ചു. ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള പ്രത്യേക ബന്ധം കണക്കിലെടുത്ത്, ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമ്പർക്ക പരിപാടികൾ തുടരാൻ അവർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

28. ഇന്ത്യയുടെ സഹായത്തോടെ പോയിന്റ് പെഡ്രോ ഫിഷിംഗ് ഹാർബറിന്റെ വികസനം, കാരൈനഗർ ബോട്ട്‌യാർഡിന്റെ പുനരധിവാസം, അക്വാകൾച്ചറിൽ സഹകരണം എന്നിവ ഉൾപ്പെടെ ശ്രീലങ്കയിലെ ഫിഷറീസിന്റെ സുസ്ഥിരവും വാണിജ്യപരവുമായ വികസനത്തിന്റെ ഉദ്യമങ്ങൾക്ക് പ്രസിഡന്റ് ദിസനായക ഇന്ത്യക്ക് നന്ദി പറഞ്ഞു.

**മേഖലാ, ബഹുകക്ഷി സഹകരണം**

29. ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ പങ്കിടുന്ന സമുദ്ര സുരക്ഷാ താൽപ്പര്യങ്ങൾ അംഗീകരിക്കവെ രണ്ട് നേതാക്കളും ഉഭയകക്ഷി തലത്തിലും, നിലവിലുള്ള മേഖലാ ചട്ടക്കൂടിലൂടെയും മേഖലയിലെ സമുദ്ര സുരക്ഷ ശക്തിപ്പെടുത്താൻ സംയുക്തമായി പരിശ്രമിക്കണമെന്ന കാര്യത്തിൽ ഇരു നേതാക്കളും യോജിച്ചു. ഇക്കാര്യത്തിൽ, കൊളംബോ ആസ്ഥാനമായി കൊളംബോ സുരക്ഷാ കോൺക്ലേവിന്റെ സ്ഥാപക രേഖകളിൽ ഇയ്യിടെ ഒപ്പിട്ടത് നേതാക്കൾ

സ്വാഗതം ചെയ്തു. കോൺക്ലേവിന്റെ ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഇന്ത്യ ശ്രീലങ്കയ്ക്കുള്ള പിന്തുണ ആവർത്തിച്ചു.

30. ശ്രീലങ്കക്കുള്ള IORA യുടെ അധ്യക്ഷസ്ഥാനത്തിന് ഇന്ത്യ പൂർണ്ണ പിന്തുണ അറിയിച്ചു. ഈ മേഖലയിലെ എല്ലാവരുടെയും സുരക്ഷയ്ക്കും വികസനത്തിനും IORA അംഗരാജ്യങ്ങളുടെ ഒരു സുപ്രധാന കർമ്മ പദ്ധതിയുടെ ആവശ്യകത രണ്ട് നേതാക്കളും അടിവരയിട്ടു.

31. BIMSTEC ന് കീഴിൽ മേഖലാ സഹകരണം കൂടുതൽ ശക്തിപ്പെടുത്താനും സുദൃഢമാക്കാനുമുള്ള പ്രതിബദ്ധത ഇരു നേതാക്കളും അടിവരയിട്ടു.

32. BRICS ൽ അംഗമാകാനുള്ള ശ്രീലങ്കയുടെ അപേക്ഷക്ക് പ്രധാനമന്ത്രി മോദിയുടെ പിന്തുണ പ്രസിഡന്റ് ദിസനായക അഭ്യർത്ഥിച്ചു.

33. 2028-2029-ൽ UN രക്ഷാ കൗൺസിലിൽ നോൺ-പെർമനന്റ് സീറ്റിനായുള്ള ഇന്ത്യയുടെ സ്ഥാനാർത്ഥിത്വത്തിന് ശ്രീലങ്ക നൽകുന്ന പിന്തുണ പ്രധാനമന്ത്രി മോദി സ്വാഗതം ചെയ്തു.

**ഉപസംഹാരം**

34. വിവരിച്ചപോലെ, അംഗീകരിച്ച നടപടികളുടെ ഫലപ്രദവും സമയബന്ധിതവുമായ നടപ്പാക്കൽ രണ്ട് രാജ്യങ്ങൾക്കിടയിലുള്ള ഉഭയകക്ഷി ബന്ധങ്ങൾ ആഴത്തിലാക്കുകയും ബന്ധം സൗഹൃദപരവും അടുത്തുള്ള ബന്ധങ്ങൾക്കുള്ള ഒരു പുതിയ മാനദണ്ഡമായി മാറ്റുകയും ചെയ്യുമെന്നും നേതാക്കൾ വ്യക്തമാക്കി. അതനുസരിച്ച്, ധാരണകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിക്കാനും ആവശ്യമായിടത്ത് മാർഗ്ഗനിർദ്ദേശം നൽകാനും നേതാക്കൾ അവരുടെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. പരസ്പരം പ്രയോജനകരമായ ഉഭയകക്ഷി ബന്ധങ്ങൾ ഗുണപരമായി വർദ്ധിപ്പിക്കുന്നതിനും ശ്രീലങ്കയുടെ സുസ്ഥിര വികസന

ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഇന്ത്യൻ സമുദ്ര മേഖലയുടെ സുസ്ഥിരതക്ക് സംഭാവന നൽകുന്നതിനും നേതൃതലത്തിൽ സമ്പർക്കം തുടരാൻ അവർ തീരുമാനിക്കുകയും ചെയ്തു. പ്രധാനമന്ത്രി മോദിയെ തന്റെ എത്രയും നേരത്തെയുള്ള സൗകര്യത്തിൽ ശ്രീലങ്കയിൽ സന്ദർശനം നടത്താൻ പ്രസിഡന്റ് ദിവനായക ക്ഷണിച്ചു.